# **Pioglitazone**

പയോഗ്ലിറ്റസോൺ (pioglitazone) Jdc- യിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിലേറെയായി എഴുതാറുമില്ല, വിൽക്കാറുമില്ല. പയോഗ്ലിറ്റസോൺ ഒറ്റയായും, മറ്റു മരുന്നുകൾക്കൊപ്പവും വിറ്റിവരുന്ന ഒരു ഔഷധമാണ്. പയോഗ്ളിറ്റസോൺ ഹാർട്ട് ഫെയ്ല്യൂർ ഉള്ള രോഗികൾക്ക് കൊടുക്കാൻ പാടില്ല. അറുപത് വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് കൊടുക്കുകയാണ് എങ്കിൽ അവർക്ക് എല്ലുകളിൽ ഒടിവു വരാൻ സാധ്യതയുണ്ട്. അതുപോലെതന്നെ പയോഗ്ലിറ്റസോണിന് മൂത്രാശയത്തിൽ ക്യാൻസർ വരുത്തുവാനുള്ള ഒരു സാധ്യതയുണ്ട് എന്നും സംശയിക്കപ്പെടുന്നു. ഇതെല്ലാം ഒരുപക്ഷേ സംശയങ്ങൾ മാത്രമായിരിക്കാം വർഷങ്ങൾ കഴിയുമ്പോൾ ഈ മരുന്ന് സുരക്ഷിതമാണ് എന്ന് തെളിഞ്ഞെന്നും വരാം. എന്നാൽ ജർമ്മനി, ഫ്രാൻസ്, വിയറ്റനാം എന്നീ രാജ്യങ്ങളിൽ ഇത് നിരോധിക്കുകയുണ്ടായി. അക്കാരണത്താലാണ് സംശയത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു മൂന്നു വർഷങ്ങൾക്കുമുൻപ് ഈ ഔഷധത്തിന്റെ പ്രിസ്ക്രിപ്ഷനും വിൽപയും Jdc- യിൽ പൂർണ്ണമായും നിർത്തലാക്കിയത്. ഈ ഔഷധം തുടർച്ചികിത്സയുലുള്ള Jdc-യിലെ ഒരു രോഗിയും ഇപ്പോൾ ഉപയോഗിച്ചുവരുന്നില്ല. തിരുവനന്തപുരത്തെ ജ്യോതിദേവ്സ് ഡയബറ്റിസ് ആന്റ് റിസർച്ച് സെന്റർ കൂടാതെ നിർധനരോഗികൾക്കായി നടത്തപ്പെടുന്ന കേശവദേവ് ട്രസ്റ്റ് ഡയബറ്റിസ് സെന്റർ, അതുപോലെ കൊച്ചിയിലെ ജ്യോതിദേവ്സ് റിസർച്ച് സെന്റർ  ആന്റ് ഹോസ്പിറ്റൽസ് ഇവയിലൊന്നും തന്നെ ഈ ഔഷധം വർഷങ്ങളായിത്തന്നെ ഉപയോഗിച്ചുവരുന്നില്ല. ഈ ഔഷധത്തിനു പകരം നൽകുന്നത് വില കൂടിയ ഔഷധങ്ങളാണ് എന്ന വാർത്ത തെറ്റാണ് അങ്ങനെ ഒരു അന്തർദേശീയ ചികിത്സാമാർഗ്ഗ നിർദ്ദേശത്തിലും പറയുന്നില്ല. Jdc- യിൽ ചികിത്സയിലിരിക്കുന്ന രോഗികൾക്കൊന്നും തന്നെ ഒരു ആശങ്കയും ആവശ്യമില്ല.